## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1884** | **14/08/2017-ൽ മറുപടിക്ക്**

## കൊതുകുജന്യ സാംക്രമിക രോഗങ്ങൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | സംസ്ഥാനത്ത് മൺസൂൺ കാലത്ത് കൊതുകുജന്യ സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ; | **എ)** | പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന രേഖയാണ് ആരോഗ്യവകുപ്പ് മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും തയ്യാറാക്കിയിട്ടുള്ളത്. അതിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗനിരീക്ഷണം, രോഗചികിത്സ, ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ, രോഗനിയന്ത്രണം തുടങ്ങി ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം മുതൽ തീവ്ര പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി സ്ഥായിയായ രീതിയിൽത്തന്നെ തുടർന്ന് പോകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **ബി)** | പ്രസ്തുത പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കിക്കൊണ്ട് നടപ്പിലാക്കുമോ; | **ബി)** | വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| **സി)** | ഇത്തരം രോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും തടയുന്നതിനും ശാശ്വതപരിഹാരങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | **സി)** | നടത്തിയിട്ടുണ്ട്.<br>1) **MCVR മണിപ്പാൽ** - ഡെങ്കിപ്പനി, എച്ച്1 എൻ1 പഠനം<br>2) **രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി** - ഡെങ്കിപ്പനി പഠനം<br>3) **VCRC കോട്ടയം** - ഈഡിസ് കൊതുകുകളിൽ ഡെങ്കി, സിക്ക എന്നീ വൈറസുകളെക്കുറിച്ചുള്ള പഠനം<br>4) **കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം**<br>ഇവരുടെ പഠനങ്ങൾ വഴി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**